പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4415

22.07.2015-ൽ മറുപടിയ്ക്ക്

## എക്സൈസ് - വകുപ്പിൽ ഇ-പേയ് മെന്റ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .പി.സി.വിഷ്ണുനാഥ് :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.ടി.എൻ.പ്രതാപൻ :<br>ശ്രീ.അൻവർ സാദത്ത് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പിൽ ഇ-പേയ് മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) 04.01.2012 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) എക്സൈസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതു വഴി സർക്കാരിന് ലഭിക്കേണ്ട വിവിധയിനം ലൈസൻസ് ഫീസുകൾ ലൈസൻസികൾക്ക് ഓൺലൈനായി ഒടുക്കുന്നതിന് സാധ്യമായി. തൻമൂലം സർക്കാരിലേയ്ക്കുള്ള നികുതി വരുമാനം സമയബന്ധിതമായി ലഭിക്കുകയും, കൂടാതെ പൊതുജനങ്ങൾക്ക് സർക്കാരിലേയ്ക്കുള്ള വിവിധയിനം ഫീസുകൾ ഓഫീസ് സന്ദർശിക്കാതെ തന്നെ Net banking മുഖേനയോ Credit/Debit Card മുഖേനയോ ഇ-പേയ് മെന്റ് സംവിധാനത്തിൽ കൂടി ഒടുക്കുന്നതിന് സാധിക്കുന്നതാണ്. ഇ-പേയ് മെന്റ് മുഖാന്തിരം ലഭിച്ച ഒടുക്കുകളുടെ സ്റ്റേറ്റ്മെന്റുകൾ പരിശോധിക്കുക വഴി സർക്കാരിലേയ്ക്ക് ലഭിച്ച നികുതി വരുമാനത്തിന്റെ വിവരങ്ങൾ |

കൃത്യമായും വേഗത്തിലും അറിയുവാൻ സാധിക്കുന്നു.

(സി) ആരെല്ലാമാണ് ഇതിനായി സഹകരിക്കുന്നത് ;

(സി) M/s CMC Ltd (Computer Maintenance Corporation Limited) എന്ന സ്ഥാപനവുമായി സഹകരിച്ചാണ് എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയത്.

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(ഡി) വാണിജ്യനികുതി വകുപ്പിന്റെ ഇ-പേയ്മെന്റ് സംവിധാനമായ KVATIS എന്ന സോഫ്റ്റ് വെയർ കസ്റ്റമൈസ് ചെയ്ത് ഒരു പുതിയ മോഡ്യൂൾ രൂപീകരിച്ച് എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയതിന് 5.20 ലക്ഷം രൂപ ചെലവായിട്ടുള്ളതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട ചട്ടങ്ങളിൽ കൊണ്ടുവന്നിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.